# പതിമൂന്നാം കേരള നിയമസഭ

എട്ടാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1147 21.03.2013ൽ മറുപടിയ്ക്ക്

## സാങ്കേതിക സർവ്വകലാശാല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അച്ചുതൻ<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. 22/01/2011-ലെ സ.ഉ.(കൈ)നമ്പർ.350/11/പൊ.ഭ.വ.-പ്രകാരം, സംസ്ഥാനത്ത് ഒരു സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുക എന്നത് സർക്കാരിന്റെ 'സപ്തധാരാ പദ്ധതികളിൽ' ഉൾപ്പെടുത്തിയിട്ടുള്ളതും, അത്തരത്തിൽ ആവശ്യമായ നടപടികൾ ത്വരിതഗതിയിൽ മുന്നോട്ട് പോയിട്ടുള്ളതുമാണ്. |
| (ബി) സർവ്വകലാശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) (1)സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിനും, ഫലപ്രദമായ നിയന്ത്രണ സംവിധാനം സൃഷ്ടിക്കുന്നതിനും;<br>(2)എഞ്ചിനീയറിംഗ് ബിരുദധാരികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന്;<br>(3)എഞ്ചിനീയറിംഗ് ബിരുദധാരികളുടെ തൊഴിൽ വൈദഗ്ദ്ധ്യം ഉറപ്പുവരുത്തുന്നതിന്;<br>(4)എഞ്ചിനീയറിംഗ് ഗവേഷണത്തിന് അനുകൂലമായ സാഹചര്യം ഉണ്ടാക്കിയെടുക്കുന്നതിന്; |

| | | | |
|---|---|---|---|
| | | | (5)നിലവിലുള്ള അഫിലിയേറ്റഡ് സമ്പ്രദായത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന്. |
| (സി) | ഏതെല്ലാം തരം കോളേജുകളാണ് പ്രസ്തുത സർവ്വകലാശാലയുടെ പരിധിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | യൂണിവേഴ്സിറ്റി നിഷ്കർഷിക്കുന്ന തരത്തിൽ ഗുണനിലവാരമുള്ള കോളേജുകളെ മാത്രം സാങ്കേതിക സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യുന്നു. എന്നാൽ എല്ലാ കോളേജുകൾക്കും അഫിലിയേഷനുവേണ്ടി അപേക്ഷിക്കാം. അത്തരം അപേക്ഷകൾ പരിശോധിച്ച് ഗുണനിലവാരമുള്ള കോളേജുകളെ സർവ്വകലാശാലയിൽ ഉൾപ്പെടുത്തും. |
| (ഡി) | പ്രസ്തുത സർവ്വകലാശാല സ്ഥാപിക്കുന്നതിനായി തുക അനുവദിച്ചിട്ടുണ്ടോ; | (ഡി) | സർവ്വകലാശാല ഹെഡ്ക്വാർട്ടേഴ്സ് രൂപീകരിക്കുന്നതിനും, പരീക്ഷാ നടത്തിപ്പിനും, മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 2012-13 വർഷത്തെ ബഡ്ജറ്റിൽ 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഇ) | സർവ്വകലാശാല സ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഇ) | 'കേരള സാങ്കേതിക സർവ്വകലാശാല ആക്റ്റ്' രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ നിയമ വകുപ്പിന്റെയും, ധനകാര്യവകുപ്പിന്റേയും സഹായത്തോടെ ദ്രുതഗതിയിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ